LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിൽ ജോലി ചെയ്യാനും സാധിക്കും. അവിടെ സർവ്വീസ് ക്വാട്ടയുണ്ട്. പക്ഷെ സംവരണ ക്വാട്ട പാലിക്കപ്പെടുന്നില്ല. ഇവിടെ ഇതുമായി ബന്ധപ്പെട്ട് കേസ് നിലവിലുണ്ടെന്നാണ് പിന്നീട് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. അതിൽ സർക്കാർ കക്ഷിചേർന്നുകൊണ്ട് നിരാലംബരും നിർധനരുമായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിൽ ഡോക്ടർമാരാകാനുള്ള അവകാശം നിഷേധിക്കപ്പെടാതിരിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്നും ജൂലൈ മാസത്തിൽ നടക്കുന്ന എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന നിരവധി വിദ്യാർത്ഥികൾക്ക് അനുകൂലമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 4-11-2003-ലെ സൗരവ് ചൗധരി ആന്റ് അദേഴ്സ് എന്ന കേസ്സിലെ വിധിയിൽ കോൺസ്റ്റിറ്റ്യൂഷണൽ റിസർവേഷൻസ് സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ നടപ്പാക്കരുത് എന്ന് പരാമർശിച്ചിട്ടുണ്ട്. 15-5-2015 ൽ കൂടിയ പി.ജി. സൂപ്പർ സ്പെഷ്യാലിറ്റി പ്രോസ്പെക്ടസ് കമ്മിറ്റിയിൽ ഈ വിഷയം ചർച്ച ചെയ്തതിൻപ്രകാരം സുപ്രീംകോടതിയുടെ വിധിയനുസരിച്ച് സംവരണം നൽകേണ്ടെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ ഒന്നുകൂടി പരിശോധിക്കുന്നതാണ്. ഗവൺമെന്റ് കക്ഷി ചേരുന്ന സാഹചര്യമുണ്ടോയെന്നുള്ള കാര്യവും പരിശോധിക്കുന്നതാണ്.

10. കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊല്ലം ജില്ലയിലെ ഏക സർക്കാർ മ്യൂസിയമാണ് കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം. ഈ മ്യൂസിയം സ്ഥാപിതമായത് 1983-ലാണ്. അവിടെയുള്ള കഥകളി രൂപങ്ങളും വിലപ്പെട്ട ആടയാഭരണങ്ങളുമൊക്കെ നല്ലരീതിയിൽ ഡിസ്പ്ലേ ചെയ്യുവയ്യാൻ കഴിയാത്ത നിലയിൽ അന്നുമുതൽ ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവന്നിരുന്നത്. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സാംസ്കാരിക വകുപ്പുമന്ത്രിയും ദേവസ്വം വകുപ്പുമന്ത്രിയും ഒരുമിച്ച് കൊട്ടാരക്കരയിൽവന്ന് ഈ മ്യൂസിയം നേരിട്ട് കണ്ട് കൊട്ടാരക്കര തമ്പുരാന്റെ കൊട്ടാരത്തിലേയ്ക്ക് മാറ്റുന്നതിനായി രണ്ട് വകുപ്പുകളും ചേർന്ന് ആലോചിച്ച് തീരുമാനിക്കുകയുണ്ടായി. രണ്ട് വകുപ്പിന്റേയും ഐഡന്റിറ്റി പ്രത്യേകം കാത്തു സൂക്ഷിച്ചുകൊണ്ടുതന്നെ സാംസ്കാരിക വകുപ്പിന്റെയും സഹായത്തോടുകൂടി ഈ മ്യൂസിയവും പൈതൃക കലാമ്യൂസിയവുംകൂടി ചേർത്ത് തമ്പുരാന്റെ കൊട്ടാരത്തിൽ പ്രവർത്തിപ്പിക്കാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 2011-ൽ ഗണപതി ക്ഷേത്രത്തിന്റെ തൊട്ടുമുന്നിലുള്ള കൊട്ടാരക്കര തമ്പുരാന്റെ കൊട്ടാരത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചത്. അതിനുശേഷം ബാക്കിയുള്ള നവീകരണ പ്രവർത്തനങ്ങളും ആരംഭിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷവും ഞാൻ ഈ കാര്യത്തിലിടപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 16 ലക്ഷം രൂപ അനുവദിക്കാമെന്ന് പറഞ്ഞു. അതിൽ 8 ലക്ഷം രൂപ അനുവദിച്ച് കഥകളി രൂപങ്ങൾക്കെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ആടയാഭരണങ്ങളൊക്കെ തയ്ച്ച് അതിനെ അണിയിച്ചൊരുക്കിയ ദിവസംതന്നെ കൊട്ടാരത്തിൽനിന്നും ഈ സ്ഥാപനം മാറ്റണമെന്നുപറഞ്ഞ് ദേവസ്വം അധികൃതർ നോട്ടീസ് കൊടുത്തു. 14-2-2014-ൽ ഈ മ്യൂസിയം ഇവിടെനിന്നും ഒഴിയണമെന്ന നോട്ടീസ് വന്നപ്പോൾ അന്ന് ഞാൻ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയോടും സാംസ്കാരിക വകുപ്പുമന്ത്രിയോടും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നടപടി നിർത്തിവച്ചിരുന്നതാണ്. എന്നാൽ 8 ലക്ഷം രൂപയുടെ വർക്കെല്ലാം ചെയ്ത് നല്ല രീതിയിൽ അത് ഡിസ്പ്ലേ ചെയ്തതിന്റെ അന്ന് ഉച്ചയ്ക്ക് അവിടെനിന്നും ഒഴിയണമെന്ന പ്രശ്നം വന്നത്. ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയോടും ദേവസ്വം ബോർഡ് പ്രസിഡന്റിനോടും സംസാരിച്ചിരുന്നു. കഴിഞ്ഞ വർഷം ഈ നോട്ടീസ് വന്നപ്പോൾ തന്നെ ഗവൺമെന്റിന്റെ തീരുമാനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ഫയലും പ്രസിഡന്റിനും രണ്ട് മന്ത്രിമാർക്കും തന്നിട്ടുള്ളതാണ്. പക്ഷെ ഇപ്പോൾ വീണ്ടും ഏതോ കുത്സിത താല്പര്യക്കാരായിട്ടുള്ളവർ ഈ കൊട്ടാരത്തിൽനിന്ന് ഇത് മാറ്റണമെന്നുപറഞ്ഞ് നടപടിയെടുക്കുന്നുണ്ട്. ആ നടപടി നിർത്തിവച്ച് കൊട്ടാരക്കര തമ്പുരാന്റെ ജന്മംകൊണ്ട് ധന്യമായ ആ കൊട്ടാരത്തിൽത്തന്നെ ഈ കലാമ്യൂസിയം കൂടുതൽ മെച്ചപ്പെട്ടനിലയിൽ പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടിയെടുക്കണം. ഇത് ഒഴിയാനുള്ള അനുമതി കൊടുക്കാതിരിക്കാനും അത് നിർത്തിവയ്ക്കാനും അടിയന്തര നടപടി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നും രണ്ട് മന്ത്രിമാരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കുവാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സംസ്ഥാന പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം 2011 വരെ കൊട്ടാരക്കര ടൗണിൽനിന്ന് മൂന്നു കിലോമീറ്റർ അകലെയുള്ള ഒരു സ്വകാര്യ വ്യക്തിയുടെ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. പ്രസ്തുത കെട്ടിടം ഒഴിഞ്ഞുകൊടുക്കണമെന്ന് ഉടമസ്ഥൻ ആവശ്യപ്പെട്ടിരുന്നതിനാൽ മറ്റൊരു അനുയോജ്യമായ സ്ഥലവും കെട്ടിടവും പുരാവസ്തുവകുപ്പ് അന്വേഷിക്കുകയുണ്ടായി. അവർക്ക് സ്ഥലം കണ്ടെത്തുവാൻ കഴിയാത്തതിനാൽ തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ വകയിലും അധീനതയിലുമുള്ള കൊട്ടാരക്കര മഹാഗണപതി ക്ഷേത്രത്തിനു സമീപമുള്ള ദേവസ്വംബോർഡ് പൈതൃക കലാകേന്ദ്രത്തിലെ ഏതാനും മുറികൾ മറ്റൊരു അനുയോജ്യമായ ഇടം ലഭിക്കുന്നതുവരെ 36 മാസത്തെ കരാറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പുരാവസ്തുവകുപ്പിന് 22-2-2011-ന് വാടകയ്ക്ക് ദേവസ്വംബോർഡ് നൽകിയിരുന്നു. 22-2-2014-ൽ കരാർ കാലാവധി അവസാനിച്ചിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടത്തിൽ ദേവസ്വംബോർഡിന്റെതന്നെ ഒരു പൈതൃക കലാകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ആയത് കാലോചിതമായി പരിഷ്കരിക്കുന്നതിന് ദേവസ്വംബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഈ കെട്ടിടം മുഴുവനായും ദേവസ്വംബോർഡിന് ആവശ്യമാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ ദേവസ്വംബോർഡിന്റെ കീഴിലുള്ള നിരവധി ക്ഷേത്രങ്ങളിലെ പൈതൃക പ്രാധാന്യമുള്ള നിരവധി വസ്തുക്കൾ ടി കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുണ്ട്. മാത്രവുമല്ല, ഈ

സ്ഥാപനത്തെ ഒഴിപ്പിച്ച് ഇവിടെ ദേവസ്വം ബോർഡിന്റെ വികസനത്തിനുതകുന്ന പദ്ധതികൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് ക്ഷേത്രസംരക്ഷണ സമിതി ഒരു പരാതി ദേവസ്വം ഓംബുഡ്സ്മാന് സമർപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സാഹചര്യങ്ങളിലാണ് സംസ്ഥാന പുരാവസ്തു വകുപ്പുമായി ഏർപ്പെട്ടിരിക്കുന്ന കരാർ പുതുക്കേണ്ടതില്ലെന്നും കരാർ കാലാവധി കഴിഞ്ഞതിനാൽ കെട്ടിടം ഒഴിയണമെന്നും ദേവസ്വംബോർഡ് നോട്ടീസ് നൽകിയിട്ടുള്ളത്. സാംസ്കാരിക വകുപ്പുമന്ത്രിയും ഈ കാര്യത്തെക്കുറിച്ച് എന്നോട് സൂചിപ്പിച്ചിട്ടുണ്ട്. മന്ത്രിയുടെയും ദേവസ്വംബോർഡ് പ്രസിഡന്റിന്റേയും സാന്നിദ്ധ്യത്തിൽ ഇതുസംബന്ധിച്ച് അടിയന്തരമായി ഒരു യോഗം വിളിച്ചുചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

12.24 P. M.]

VIII മേശപ്പുറത്തുവച്ച കടലാസുകൾ

1. ലിസ്റ്റ് I പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ഓർഡിനൻസ് (2015-ലെ 8-ാം നമ്പർ ഓർഡിനൻസ്).

II. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഓർഡിനൻസ് (2015-ലെ 4-ാം നമ്പർ ഓർഡിനൻസ്).

III. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. 2015-ലെ കേരള ഗ്രൗണ്ട് ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് (2015-ലെ 6-ാം നമ്പർ ഓർഡിനൻസ്).

2. 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ്) ഓർഡിനൻസ് (2015-ലെ 7-ാം നമ്പർ ഓർഡിനൻസ്).

IV. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 73/2015/ഹോം. തീയതി, 20-4-2015 (എസ്.ആർ.ഒ. നമ്പർ 227/2015)

2. ജി.ഒ.(പി) നമ്പർ 74/2015/ഹോം. തീയതി, 20-4-2015 (എസ്.ആർ.ഒ. നമ്പർ 228/2015)

LIBRARY ARCHIVES Kerala Legislative Assembly